7. മാനേജർ, ടാജ്ഗാർഡൻസ്, തേക്കടി

8.എക്സിക്യൂട്ടീവ് ഡയറക്ടർ, സ്പൈസ്-വില്ലേജ്, തേക്കടി

9. കൃഷ്ണലാൽ, കൃഷ്ണദാസ്,ദി റിനയസൺസ്, കൊച്ചി.

40 (1772) വിദേശമദ്യഷാപ്പുകളുടെ ലേലം

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിദേശമദ്യഷാപ്പുകൾ ലേലം ചെയ്യുന്നത് എത്ര വർഷത്തേക്ക് ആണെന്ന് വ്യക്തമാക്കുമോ;

(ബി) ഏറ്റവും ഒടുവിലായി വിദേശമദ്യഷാപ്പ് ലേലം നടന്നത് ഏതു വർഷമാണ്;

(സി) ഓരോ ജില്ലയിലേയും ലേലസംഖ്യ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഷാപ്പുലേലം ഒന്നിൽ കൂടുതൽ വർഷത്തേക്ക് ആണെങ്കിൽ ഏതൊക്കെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ്; ലേലം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒരു വർഷത്തേക്ക്

(ബി) 1999-2000 വർഷം

(സി) 1999-2000 വർഷത്തെ വിദേശമദ്യഷാപ്പുകളുടെ ജില്ല തിരിച്ചുള്ള ലേലത്തുക താഴെ പറയുന്ന പ്രകാരമാണ്.

ജില്ല	തുക
തിരുവനന്തപുരം	11,67,93,100
കൊല്ലം	10,53,57,112
പത്തനംതിട്ട	3,54,53,000
ആലപ്പുഴ	10,12,34,010
കോട്ടയം	6,25,69,600
ഇടുക്കി	3,44,48,882
എറണാകുളം	20,60,31,681
തൃശ്ശൂർ	10,51,81,000
പാലക്കാട്	9,73,32,000
മലപ്പുറം	4,75,00,551
കോഴിക്കോട്	8,60,02,200
വയനാട്	3,59,84,000
കണ്ണൂർ	5,43,41,000
കാസർഗോഡ്	2,01,57,000

(ഡി) വിദേശമദ്യഷാപ്പുകൾ ഒന്നിൽ കൂടുതൽ വർഷത്തേക്ക് ലേലം ചെയ്യുന്നില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly